**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1999** **29-09-2025 - ൽ മറുപടിയ്ക്ക്**

**ചേറ്റുവ, മുനക്കക്കടവ് ഹാർബറുകളിലെ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**1. നബാർഡ് ആർ.ഐ.ഡി.എഫ് XXX-** പദ്ധതിയിൽ ഉൾപ്പെടുത്തി ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം, മറ്റ് അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 3050 ലക്ഷം രൂപയുടെ ഭരണാനുമതി 28/10/2024 ൽ നൽകുകയുണ്ടായി. ഇതിൽ വടക്കേ പുലിമുട്ടിന്റെയും തെക്കേ പുലിമുട്ടിന്റെയും അറ്റകുറ്റപ്പണികൾ, ഗ്രോയിന്റെ വിപുലീകരണവും പുനർ നിർമ്മാണവും, ലേലഹാളിന്റെ തറയും മേൽക്കൂരയും മെച്ചപ്പെടുത്തുന്ന പ്രവൃത്തി, ഹാർബറിലെ നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തി, മാലിന്യ സംസ്കരണ പ്ലാന്റ്, കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തലും ക്രേറ്റ് ക്ലീനിംഗ് സൗകര്യം ഒരുക്കലും, വാർഫിന്റെയും ലേലഹാളിന്റെയും നിർമ്മാണം, റിക്ലമേഷൻ ബണ്ട് നിർമ്മാണം, കവേർഡ് ലോഡിംഗ് ഏരിയ, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, ഡ്രെയിൻ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ പുലിമുട്ട്, ഗ്രോയിൻ എന്നിവയുടെ നിർമ്മാണത്തിന്റെയും വാർഫ് / ലേലഹാൾ എന്നിവയുടെ നിർമ്മാണത്തിന്റെയും ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. ലേലഹാളിന്റെ മെച്ചപ്പെടുത്തൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കവേർഡ് ലോഡിംഗ് ഏരിയായുടെ നിർമ്മാണ പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റിക്ലമേഷൻ ബണ്ട് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>**2. PMMSY** – പദ്ധതിയിൽ ഉൾപ്പെടുത്തി ചേറ്റുവ ഫെറി മുതൽ അഴിമുഖം വരെയുള്ള ബേസിൻ, ചാനൽ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ ഡ്രെഡ്ജിംഗ് പ്രവൃത്തിക്ക് 553.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രവൃത്തി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.<br><br>**3. മുനയ്ക്കകടവ് എഫ്.എൽ.സി** യിലെ നിലവിലുള്ള ടോൾബൂത്തും വിശ്രമമുറിയും നവീകരിക്കുന്നതിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതനുസരിച്ച് പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>**4. മുനയ്ക്കകടവ് എഫ്.എൽ.സി** യിലെ വാർഫ്, കവേർഡ് ലോഡിംഗ് ഏരിയ. ടോൾബൂത്ത്, കോൺഫറൻസ് ഹാൾ, ഗേറ്റ്, കോമ്പൗണ്ട് വാൾ എന്നിവുടെ നിർമ്മാണ പ്രവൃത്തിക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതനുസരിച്ച് ദർഘാസ് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**5. മുനയ്ക്കകടവ് എഫ്.എൽ.സി -** യിലെ കവേർഡ് ലോഡിംഗ് ഏരിയയുടെ നിർമ്മാണ പ്രവൃത്തിക്ക് 22 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതനുസരിച്ച് ദർഘാസ് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**6. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന** പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന മൂന്നു റോഡു പ്രവൃത്തികൾക്ക് 305.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>**എ)** ഇമ്പിച്ചി ബാവ റോഡ് -72.00 ലക്ഷം രൂപ<br><br>**ബി)** ഒരുമനയൂർ പഞ്ചായത്ത് വാർഡ് 10 - ലെ ചേറ്റുവ ഫെറി റോഡ് – 100.00 ലക്ഷം രൂപ<br><br>**സി)** പൊക്കുളങ്ങര വെസ്റ്റ് പാലം റോഡ് – 133.30 ലക്ഷം രൂപ. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടുള്ള, ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ, മുനക്കക്കടവ് ഹാർബറുകളിലെ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി 7 മത്സ്യബന്ധന തുറമുഖങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിനുള്ള തത്വത്തിലുള്ള അനുമതി 28/12/2023-ൽ ലഭ്യമായിരുന്നു. ഇതിൽ ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ ഫിഷിംഗ് ഹാർബർ, മുനയ്ക്കകടവ് ഫിഷ് ലാന്റിംഗ് സെന്റർ എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണത്തിനായി യഥാക്രമം 883 ലക്ഷം, 1167 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. സാഗർമാല പദ്ധതികളുടെ മാനദണ്ഡ പ്രകാരം ഇത്തരത്തിലുള്ള പദ്ധതികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ടും അനുമതിയും ലഭ്യമാക്കുവാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. IIT |

| | | | |
|---|---|---|---|
| | | | ചെന്നൈയുടെ പുതുക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കി ദർഘാസ് ക്ഷണിച്ച ചെല്ലാനം ഫ്ലോട്ടിംഗ് ജെട്ടി പദ്ധതിയുടെ ചുവട് പിടിച്ച് ബാക്കിയുള്ളവയുടെ അനുമതി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. 23/05/2025-ന് സമർപ്പിച്ച ചെല്ലാനം പദ്ധതിക്കുള്ള അനുമതി കേന്ദ്ര തുറമുഖ, ഫിഷിംഗ് മന്ത്രാലയത്തിൽ നിന്നും ഇതേവരെ ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയുടെ അനുമതി ലഭ്യമായാൽ ഉടൻ മറ്റ് പദ്ധതികളുടെ ദർഘാസ് നടപടിക്രമം പൂർത്തീകരിച്ച് ഫണ്ടിനും അംഗീകാരത്തിനും സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ